

ഫാ. ഡോ. കെ.എം. ജോർജ്

ആനന്ദാ, വരൂ, നമുക്കു നളന്ദയിലേക്ക് പോകാം



പാറ്റ്ന എന്ന പാടലീപുത്രത്തിലെ താരതമ്യേന ചെറിയ എയർ പോർട്ടിൽ വിമാനമിറങ്ങിയപ്പോൾ, വായുസമ്മർദ്ദത്തിന്റെ മാറ്റം മൂലം കാതുകൾ അടഞ്ഞിരുന്നു. എങ്കിലും ഉൾത്തടത്തിൽ ആ വിളി കേൾക്കാമായിരുന്നു. പണ്ടെങ്ങോ ഹൈസ്കൂൾ ക്ലാസ്സുകളിൽ ചരിത്രാധ്യാപകൻ വിശ്വവിദ്യാലയങ്ങൾ ആയിരുന്ന നളന്ദയെയും തക്ഷശിലയെയും കുറിച്ച് വാചാലമായി പറഞ്ഞ് വിദ്യാർത്ഥികളായ ഞങ്ങളിൽ ഉളവാക്കിയ രോമാഞ്ചം ഇതാ തിരിച്ചു വന്നിരിക്കുന്നു. പാടലീപുത്രത്തിൽ നിന്നും എങ്ങനെയാണ് നളന്ദയിലും രാജ്ഗൃഹിലും എത്തുക എന്നു ചിന്തിച്ച് അവിടെയുള്ള ഒരു ടാക്സിക്കാരനോട് മുറി ഹിന്ദിയിൽ അന്വേഷിച്ചു. നൂറ്റിപ്പത്തോളം കിലോമീറ്റർ. നളന്ദ എന്ന വാക്ക്

ഞാനുച്ചരിച്ചത് (നാലന്ദ എന്നു ഔത്തരാഹർ) കേട്ടാവണം ഒരു മൂലയിൽ ഒതുങ്ങി നിന്നിരുന്ന മനുഷ്യൻ കൈയിൽ ഒരു കടലാസുമായി വന്നു.

"ഇന്ത്യൻ ഫിലോസഫി കോൺഗ്രസിന് വന്നതാണോ?" അയാൾ ചോദിച്ചു.

"അതെ, നിങ്ങൾ അതിന്റെ ആളാണോ?"

"അതെ. നളന്ദ യുണിവേഴ്സിറ്റിയിൽ നിന്നാണ്. ഡലിഗേറ്റ്സിനെ സ്വീകരിക്കാൻ വന്നതാണ്. അൽപ്പസമയം കാത്തിരിക്കണം. രണ്ടുപേർ ദില്ലിയിൽ നിന്ന് വരാനുണ്ട്." അയാൾ എന്റെ പേര് ചോദിച്ചു. കൈയിലിരുന്ന ലിസ്റ്റിൽ അടയാളപ്പെടുത്തി. ആശ്വാസമായി. എന്നെ അത്ഭുതപ്പെടുത്തിയത് അയാളുടെ കൈവശം ഒരു ചെറിയ കടലാസ് ബോർഡോ ഒന്നുമില്ല. വളരെ യാദൃച്ഛികമായാണ് ടാക്സിക്കാരനോട് ഞാൻ നളന്ദ എന്ന വാക്കുച്ചരിക്കുന്നത് അയാൾ കേട്ടത്. അത് സംഭവിച്ചില്ലായിരുന്നെങ്കിൽ ഞാൻ വലിയ തുക കൊടുത്തു ടാക്സിയിൽ പോയിക്കഴിഞ്ഞേനെ. സ്വീകരിക്കാൻ ആളുണ്ടാവുമെന്ന് തലേദിവസം വൈകിട്ട് ഇമെയിൽ അയച്ചിരുന്നുവെന്ന് പിന്നീട് മനസ്സിലായി. പക്ഷേ ദൂരെ നിന്നു വരുന്ന പലരും അതു കണ്ടില്ല. നവനളന്ദ മഹാ വിഹാരം കേന്ദ്രസർക്കാരിന്റെ ഒരു വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്നു. കൽപ്പിത (deemed) സർവകലാശാലയാണ്. പാലിഭാഷ, ബുദ്ധദർശനം തുടങ്ങിയ വിഷയങ്ങൾക്ക് പ്രാമുഖ്യമുണ്ട്.

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രസിഡന്റ് ഡോ. രാജേന്ദ്ര പ്രസാദും മഹാകവി രവീന്ദ്രനാഥ് ടാഗോറും ചേർന്ന് 93 വർഷം മുൻപ് സൃഷ്ടിച്ചതാണ് ഇൻഡ്യൻ ഫിലസോഫിക്കൽ കോൺഗ്രസ്. ഇന്ത്യയിലെ വിവിധ യുണിവേഴ്സിറ്റികളിൽ നിന്നുള്ള ഫിലോസഫി അദ്ധ്യാപകരും ഗവേഷണ വിദ്യാർത്ഥികളുമാണ് അതിന്റെ വാർഷിക കോൺഗ്രസിൽ പങ്കെടുക്കുന്നവരിൽ മുക്കാലും. ഏഷ്യയിൽ ചൈന, ജപ്പാൻ, മലേഷ്യ, മ്യാൻമാർ, ശ്രീലങ്ക തുടങ്ങി ബുദ്ധമത സ്വാധീനമുള്ള രാജ്യങ്ങളിൽ നിന്നുള്ള ദാർശനികരുമുണ്ട്.

പാറ്റ്ന നഗരത്തിൽ നിന്ന് പുറത്തുകടക്കുക ഒട്ടും എളുപ്പമായിരുന്നില്ല. രണ്ടു മൂന്നു പ്രധാന വീഥികൾ അജ്ഞാതമായ കാരണങ്ങളാൽ അടച്ചിട്ടിരുന്നു. വളരെ ചുറ്റിക്കറങ്ങിയാണ് ഡ്രൈവർ നളന്ദയിലേക്കുള്ള ഹൈവേയിലെത്തിയത്. രണ്ടു മണിക്കൂറെന്നു പറഞ്ഞത് നളന്ദയിലെത്തിയപ്പോൾ നാലരമ്മണിക്കൂറായി. ഗോതമ്പും നെല്ലും ചോളവും കടുകും ക്യാരറ്റും ഉരുളക്കിഴങ്ങുമെല്ലാം കൃഷി ചെയ്യുന്ന വിശാലമായ പാടങ്ങൾ. ഇരുവശത്തുമുള്ള വഴിയിലെത്തിയപ്പോൾ പാറ്റ്നാ നഗരത്തിന്റെ തിക്കും തിരക്കും പൊടിപടലങ്ങളും ഒഴിഞ്ഞു.

നളന്ദ ജില്ലയിലേക്ക് പ്രവേശിച്ചപ്പോൾ, ഗോതമ്പുവയലുകളിൽ അസ്തമയത്തിന്റെ സുവർണ്ണ രാശി പടർന്നു തുടങ്ങി. പെട്ടെന്നാണ് 'നവനളന്ദ മഹാവിഹാര'മെന്ന് എഴുതിയ ഗേറ്റിലൂടെ വണ്ടി ഒരു കെട്ടിട സമുച്ചയത്തിന്റെ വിശാലമായ പുൽപ്പരപ്പിനു മുന്നിലെത്തിയത്. പ്രശസ്ത ബൗദ്ധ ചിന്തകനായിരുന്ന നാഗാർജ്ജുനന്റെ പേരിട്ട 'ഫാക്കൽറ്റി'മന്ദിരത്തിനു മുമ്പിൽ വന്നു നിന്നു. ആ നിമിഷം കണ്ട കാഴ്ച ഒരു മായിക ലോകത്തെത്തിയപോലെ എന്റെ ഭാവനയെ ആയിരം വർഷങ്ങൾക്കു പുറത്തേക്കു നയിച്ചു.

അസ്തമയ പ്രഭയിൽ വിഹാരത്തിന്റെ പച്ച പുൽപ്പരപ്പിൽ ചുറ്റുപാടും നിൽക്കുന്ന മരങ്ങളുടെ നീണ്ട നിഴലുകൾ. കുറെ മാറി, ചെങ്കൽ നിറമുള്ള പുതപ്പണിഞ്ഞ് തല മുണ്ഡനം ചെയ്ത ഏതാനും ബുദ്ധ സന്യാസിമാർ അവിടവിടെ വട്ടം കൂടി എന്തോ ചർച്ച ചെയ്യുന്നു. ചക്രവാക പക്ഷികളുടെ ഒരു കൂട്ടം കൂടണയാനായി പറന്നകന്നു. അടുത്തുള്ള ബുദ്ധ ദേവാലയത്തിൽ നിന്നും ഓങ്കാരത്തിന്റെ ഈണത്തിൽ മണി മുഴങ്ങിക്കൊണ്ടിരുന്നു. ബുദ്ധം ശരണം, ധർമ്മം ശരണം, സംഘം ശരണം... അഭയം തേടലാണിത്. ബുദ്ധനിൽ, സംഘത്തിൽ, ധർമ്മത്തിൽ. പക്ഷേ ഇതൊരു സങ്കൽപ്പമോ സ്വപ്നമോ ആയിരുന്നില്ല. ഇപ്പോൾ ശരിക്കും ഞാൻ അനുഭവിച്ചതാണ്. ഒരു പക്ഷേ ഇങ്ങനെ ആയിരുന്നിരിക്കാം, ആയിരത്തി ഇരുന്നൂറോ മുന്നൂറോ വർഷങ്ങൾക്കു മുമ്പ് പുരാതന നളന്ദയിലെ വിശ്വവിദ്യാലയങ്ങളിൽ സംഭവിച്ചത്. പഴയ സങ്കൽപ ചിത്രത്തിന്റെ തനിപ്പകർപ്പുപോലെ പെട്ടെന്ന് അവിടെ കണ്ടതാവണം എന്നെ രോമാഞ്ചമണിയിച്ചത്.

2500 വർഷങ്ങൾക്കു മുമ്പ് ബീഹാറിലെ നളന്ദ മാന്തോപ്പുകളും വയലേലകളും ചേർന്ന് ഗ്രാമീണ സൗഭഗമൊരുക്കിയ സ്ഥലമായിരുന്നു. പുരാതന മഗധ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന രാജ് ഗീറിൽ (രാജ്ഗൃഹ) നിന്ന് പതിനഞ്ച് കിലോമീറ്ററോളം ദൂരം. പാടലീ പുത്രത്തിൽ (ഇന്നത്തെ പാട്ന) നിന്ന് രാജ്ഗൃഹത്തിലേക്കും തിരിച്ചുമുള്ള യാത്രകളിൽ ഗൗതമബുദ്ധൻ വിശ്രമിക്കാനും ധ്യാനിക്കാനുമായി നളന്ദയിലെ ഒരു വിശാലമായ മാന്തോപ്പിൽ തങ്ങുമായിരുന്നു. അങ്ങനെയൊരു യാത്രാസന്ദർഭത്തിൽ തഥാഗതൻ തന്റെ അരുമ ശിഷ്യനായ ആനന്ദനോടു പറഞ്ഞ വാക്കുകൾ, പുരാതന നളന്ദ സർവ്വകലാശാലയുടെ അടുത്തുള്ള 'നവനളന്ദ മഹാവിഹാര'ത്തിന്റെ വൈസ് ചാൻസിലറുടെ ഓഫീസിനു മുമ്പിലെ ഫലകത്തിൽ ആലേഖനം ചെയ്തിരിക്കുന്നു: "ആനന്ദാ, വരൂ നമുക്കു നളന്ദയിലേക്കു പോകാം."

വണ്ടിയിൽ നിന്ന് ബാഗുമെടുത്ത് ഇറങ്ങിയപ്പോൾ ചായ കുടിക്കാൻ ക്ഷണം. വെൽക്കം ഡ്രിങ്ക്! കാമ്പസിന്റെ മുറ്റത്തുള്ള നളന്ദ കാന്റീനിൽ കൊക്കൊ കോളയുടെ പരസ്യം പുറത്തും അകത്തും നിറയെ കൊടുത്തിരിക്കുന്നു. ചായത്തുള്ളികൾ വീണ മേശകളിൽ ഈച്ചകൾ ആർക്കുന്നു. മുഷിഞ്ഞ കാക്കിയണിഞ്ഞ വെയിറ്റർ. യാഥാർത്ഥ്യബോധത്തിലേക്ക് വരാൻ ഇതുമതി. എന്റെ രാജ്യത്തിലെ

ബീഹാറിലാണു ഞാൻ. 21-ാം നൂറ്റാണ്ടിലെ
അമേരിക്കൻ പാനീയത്തിന്റെ ശീതളനിഴലി
ലാണ് ഞാൻ അഭയം തേടാൻ പോകുന്നത്.
അവിടേക്ക് ഞങ്ങളെ ക്ഷണിച്ചു കൊണ്ടുപോയ
പ്രൊഫസർ കുമാർ കൂടെക്കൂടെ ക്ഷമാപണം
നടത്തുന്നുണ്ടായിരുന്നു. കേരളത്തിലെപ്പോലെ
അത്ര വൃത്തിയും മെനയുമൊന്നും ഇവിടെ
നിങ്ങൾ കാണില്ല. പലപ്രാവശ്യം കേരളത്തിൽ
വന്നിട്ടുള്ള അദ്ദേഹത്തിന് നിറഞ്ഞ സൗഹൃദം.
'സ്നേഹമുള്ള ഹൃദയങ്ങൾ എല്ലായിടത്തും
ഒരുപോലെ നിർമലമാണല്ലോ', അദ്ദേഹത്തെ
ആശ്വസിപ്പിക്കാൻ ഞങ്ങൾ പറഞ്ഞു. പാലി
ഭാഷയും സംസ്കൃതവും തർക്കശാസ്ത്രവും
ചരിത്രവുമെല്ലാം അവിടെ മുഖ്യവിഷയങ്ങളാണ്.
ഏതാണ്ട് നൂറോളം വിദേശവിദ്യാർത്ഥികൾ
ഉണ്ട്. എന്നു പറഞ്ഞാൽ മിക്കവരും ബുദ്ധഭി
ക്ഷുക്കൾ. മ്യാന്മാർ, തായ്‌ലാന്റ്, വിയറ്റ്നാം,
ടിബറ്റ്, ശ്രീലങ്ക തുടങ്ങിയ ഏഷ്യൻ രാജ്യങ്ങ
ളിൽ നിന്നുള്ളവർ. കൂടുതലും തേരവാദ വിഭാഗ
ത്തിൽപ്പെട്ട യുവസന്യാസിമാർ. അവർക്കൊക്കെ
ഫീസിനും ഹോസ്റ്റൽ ചിലവിനുമായി ഗ്രാന്റ്
ലഭിക്കുന്നുണ്ട്. മാത്രമല്ല, അവരുടെ മാതൃരാജ്യ
ങ്ങളിൽ നിന്നൊക്കെ ധാരാളം സമ്പന്നരായ
തീർത്ഥാടകർ നളന്ദയിലും രാജ്ഗീറിലുമുള്ള
ബുദ്ധസ്മാരകങ്ങൾ സന്ദർശിക്കാൻ വരാറുണ്ട്.
അവരൊക്കെ, തങ്ങളുടെ രാജ്യക്കാരായ യുവ
ബുദ്ധസന്യാസിമാരെ സന്ദർശിച്ച് 'ഭിക്ഷ'
(ധർമ്മം) കൊടുത്ത് ആത്മീയ ചുമതല നിറവേ
റ്റാറുണ്ട്. അതുകൊണ്ട് വിദ്യാർത്ഥികൾക്ക്
അല്ലലൊന്നുമില്ല എന്ന് പ്രൊഫസർ കുമാർ
പറഞ്ഞു.

രാത്രി താമസം ഒരുക്കിയിരിക്കുന്നത് 15 കി. മി. ദൂരെയുള്ള രാജ്ഗിരിയിൽ. (രാജ്ഗൃഹ, രാജ്ഗിർ എന്നും പറയും) പുരാതന മഗധരാജ്യത്തിന്റെ പുകൾപെറ്റ തലസ്ഥാനമായിരുന്നു രാജ്ഗീർ. ഇന്ന് അതൊരു ചെറുപട്ടണമാണെങ്കിലും സ്വദേശികളും വിദേശികളുമായ സന്ദർശകരുടെ തിരക്കാണ് എപ്പോഴും. കാരണം ഗൗതമബുദ്ധൻ പല നാളുകൾ താമസിക്കയും പഠിപ്പിക്കുകയും ധ്യാനിക്കയും ചെയ്ത സ്ഥലങ്ങളാണ് രാജ്ഗിരിയും ചുറ്റുപാടും.

ചെറുതെങ്കിലും വളരെ വൃത്തിയുള്ള സിദ്ധാർത്ഥ് ഹോട്ടലിലായിരുന്നു ഞങ്ങൾ കുറെപ്പേരുടെ താമസം. രാജ്ഗീറിലെ ഹോട്ടലുകളുടെയും അതിഥി മന്ദിരങ്ങളുടെയുമെല്ലാം പേരുകളിൽ ഒരു ബൗദ്ധച്ചുവയുണ്ട്. ഗൗതമനും സിദ്ധാർത്ഥനും ബുദ്ധനും വിഹാരവുമെല്ലാം ഏതെങ്കിലും തരത്തിൽ ആ പേരുകളിൽ ഒളിഞ്ഞും തെളിഞ്ഞും നിൽക്കും.

സിദ്ധാർത്ഥ് ഹോട്ടലിന്റെ ഉടമ വിജയകുമാർ നവനളന്ദ മഹാവിഹാരത്തിലെ പൂർവ്വ വിദ്യാർത്ഥിയാണ്. വിഷയം ഫിലോസഫി. അതുകൊണ്ട് ഫിലോസഫിക്കൽ കോൺഗ്രസിനു വന്ന അതിഥികളെ ഹൃദ്യമായി സ്വീകരിക്കാൻ എപ്പോഴും താത്പര്യമെടുത്തു. ഞങ്ങൾ പോരുന്നതുവരെ ഡൈനിംഗ് ഹാളിലും ലോഞ്ചിലും മുറികളിലും വരെ എപ്പോഴും വന്ന് ഞങ്ങളുടെ ക്ഷേമം അന്വേഷിക്കുകയും രാജ്ഗീറിന്റെ പുരാണപ്പെരുമ വർണ്ണിക്കുകയും ചെയ്യുമായിരുന്നു. സ്വന്തം ലാഭത്തെക്കാൾ ഉപരി അതിഥി മര്യാദ എന്ന മട്ടായിരുന്നു വിജയകുമാറിന്.